# തേൾവിഷം

'തേളിന്റെ കുത്തേറ്റു മൂർഖൻ ചത്തു.'
ന്യൂസല്ല. ഒരു കാര്യം പറയാൻ തുടങ്ങുകയാണ്. തേൾ കുത്തിയാൽ മൂർഖൻ ചാകുമോ എന്നത് ചർച്ച ചെയ്യേണ്ട അടിസ്ഥാന കാര്യമല്ല.

കണ്ണുകളും മനസ്സും വഞ്ചിക്കപ്പെടരുത്. മനസ്സിന്റെ തിരിച്ചറിവില്ലായ്മയാലാണ് ശരീരവും കണ്ണും വഞ്ചിക്കപ്പെടുക. മനസ്സിനെയാണ് പാകപ്പെടുത്തേണ്ടത്. തനിക്കില്ലാത്ത അനേകം കഴിവുകൾ മറ്റുള്ളവർക്കുമുണ്ട് എന്ന് മനസ്സിലാക്കുമ്പോഴാണ് മനസ്സുകൾ വഞ്ചിക്കപ്പെടാതിരിക്കുക.

ഒന്നിനെയും നിസ്സാരമായി കാണരുത്. ഓരോന്നിനും അതിന്റെ പ്രത്യേകതകളുണ്ട്. പലപ്പോഴും നാം അതിന് സാക്ഷികളായിട്ടുണ്ടാകും. ഒത്തിരി കഥകളിലൂടെ നാം മനസ്സിലാക്കിയ ഒരു പരമാർഥമാണിത്. പക്ഷേ, ഈ മനസ്സിലാക്കലിന് ചില വശങ്ങളുണ്ട്.

ദൈവം മനുഷ്യരെ വിവിധ കഴിവുകളോടു കൂടിയാണ് സൃഷ്ടിച്ചത്. സമൂഹത്തിന്റെ സംതുലനവും അവരുടെ ആവശ്യങ്ങളുടെ പൂർത്തീകരണവുമാണ് അതുകൊണ്ടുദ്ദേശിച്ചത്. താഴേക്കിടയിലുള്ളവർ മുതൽ ഉന്നതിയിലുള്ളവർ വരെ ഒരു സമൂഹത്തിന്റെ വളർച്ചയുടെ അനിവാര്യഭാഗമാണ്. അവിടെ താഴ്ന്നവരെന്നോ ഉയർന്നവരെന്നോ ഉള്ള വർഗീകരണം നാം നൽകിയ വ്യാഖ്യാനമാകുന്നു. അവ ഓരോന്നിനെയും അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിക്കുമ്പോഴാണ് സമൂഹം വളരുക.

നന്മയുടെയും തിന്മയുടെയും പക്ഷങ്ങൾക്കിടയിലാണ് ജീവിതം ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. അവയിൽ ഒന്നിനെ നിസ്സാരമാക്കുകയോ അവഗണിക്കുകയോ ചെയ്താൽ പ്രത്യാഘാതം വലുതായിരിക്കും. 'ചരൽക്കല്ലുകളെ സൂക്ഷിക്കുക, അവയിൽനിന്നാണ് വൻപർവതങ്ങൾ രൂപപ്പെടുന്ന'തെന്ന യാഥാർഥ്യം തെറ്റുകളെ നിസ്സാരവൽകരിച്ചാലുണ്ടാകുന്ന വിനയെ കുറിക്കുന്നു.

സുഹൃത്തിന്റെയോ കുടുംബാംഗങ്ങളുടെയോ സ്വഭാവത്തിൽ കാണുന്ന ചെറിയ ദോഷം കണ്ടില്ലെന്ന് നടിക്കുന്നതോ അവഗണിക്കുന്നതോ പിന്നീട് വലിയ ദോഷമായി മാറും. നാം എത്ര വലിയവരും കഴിവുള്ളവരുമായിരുന്നിട്ടും പ്രയോജനമില്ല, അത് നമ്മെ ഗ്രസിച്ചെന്നു വരും. അത് തേളിന്റെ കുത്തേറ്റ് ചാകുന്ന മൂർഖന്റെ അവസ്ഥ പോലെയിരിക്കും.

മാന്യരും അതിനാൽ വിലമതിക്കപ്പെടേണ്ടവരുമാണെന്നാണ് നാം സ്വയം അംഗീകരിച്ച നയം. ജീവിതക്രമങ്ങളിൽ നാം പലരുമായി ബന്ധപ്പെടും. അവിടെയൊക്കെ തികഞ്ഞ സൂക്ഷ്മത പുലർത്താൻ നാം ബാധ്യസ്ഥരാണ്. ആരെയെങ്കിലും നിസ്സാരവൽകരിച്ചു പെരുമാറുകയും അവരെ വേദനിപ്പിക്കുകയും ചെയ്താൽ പിന്നീട് അവർ നമ്മുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തും വിധം അവസ്ഥകൾ മാറിയേക്കാം. അല്ലെങ്കിൽ അവരെ ആശ്രയിക്കേണ്ട അവസ്ഥ നമുക്കുണ്ടായേക്കാം. ഒരാളെയും നിസ്സാരീകരിക്കാതെയും അവഗണിക്കാതെയും ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം.

ഇത്തരം സമീപനം മൂലം സാമൂഹിക സംതുലനം സാധിക്കുമെന്ന് മാത്രമല്ല, മറ്റു ചിലതു കൂടി അതിലുണ്ട്. മാനുഷിക സമഭാവനയുണ്ടാകുക, പ്രവൃത്തികളിൽ പ്രതിസന്ധി ഇല്ലാതിരിക്കുക, എല്ലാ തൊഴിലിനെയും അതിന്റെ ആളുകളെയും വിലമതിക്കുക, ഏതെങ്കിലും തൊഴിലിനോട് മാത്രം ആഭിമുഖ്യവും മടിയും ഇല്ലാതിരിക്കുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ അതിലുണ്ട്. അത്തരം കാഴ്ചപ്പാടിലൂടെ വേല ചെയ്യുന്നവർക്ക് ദാരിദ്ര്യവും അന്യാശ്രയവും ഇല്ലാതെ ജീവിക്കാനാകും.

ഏതായാലും തേളും ഞാഞ്ഞൂളുമാണെന്ന മുൻധാരണയിൽ ഒന്നിനെയും അവഗണിക്കാതിരിക്കുക. എല്ലാറ്റിനെയും സൂക്ഷിക്കുകയും കരുതിയിരിക്കുകയും ചെയ്യുക. തിരുത്തേണ്ടവയെ അതിന്റെ തുടക്കത്തിൽ തന്നെ തിരുത്തുക. ജീവിതം സമാധാനപൂർണമാകാൻ അതാണ് നല്ല വഴി.

പക്ഷേ, തന്റേത് മാത്രം വലുതും ഉന്നതവുമെന്ന് കരുതുന്ന വലിയവരുടെയും അവരോട് അസൂയ പുലർത്തുന്ന താഴെക്കിടയിലുള്ളവരുടെയും മനസ്സുകൾ ഒന്നിക്കാത്ത കാലത്തോളം സാമൂഹികഭിന്നത തുടർന്നുകൊണ്ടിരിക്കും.

മുകളിൽ സൂചിപ്പിച്ച മൂന്നു കാര്യങ്ങളും നാം ശ്രദ്ധിക്കേണ്ട വിഷയങ്ങളാകുന്നു. സ്വഭാവത്തെയും ബന്ധങ്ങളെയും തിന്മകളെയും ശ്രദ്ധയോടെ കൈകാര്യം ചെയ്തേ മതിയാകൂ